ശ്രീ. കൃഷ്ണൻ അയ്യപ്പൻ: ഇപ്പോഴും ഈ ജോലി തൊഴിലാളികളെക്കൊണ്ടുതന്നെ ചെയ്യിക്കാൻ ആലോചിക്കാമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതിനെപ്പറ്റി ആലോചിക്കാവുന്നതാണ്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: എന്നാണ് ഈ ജോലി തുടങ്ങിയതു്?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതിനെപ്പറ്റി ഇപ്പോൾ ഒരു വിവരവും ഇല്ല.

ശ്രീ. ആർ. ശങ്കർ: ഈ തോട് കടന്നുപോകുന്ന ഭാഗങ്ങളിൽ പാലങ്ങൾ കെട്ടുന്നതിനു് എന്തെങ്കിലും ഏർപ്പാടുകൾ ചെയ്തിട്ടുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതിനു് എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ തോട് ഫൻ ഒ ഠ–ൽ പൂർത്തിയാക്കാമെന്നു് ഗവർമ്മെണ്ടു് ഉറപ്പു നൽകിയിരുന്നതായി അറിയാമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അറിഞ്ഞുകൂടാ.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇപ്പോൾ ജോലി നടക്കുന്നുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ഉണ്ടു്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഈ ജോലി തുടങ്ങിയതിനുശേഷം എത്രകാലത്തേക്കു് ജോലി നിറുത്തിവച്ചിട്ടുണ്ടായിരുന്നു?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അധികം നാൾ നിറുത്തിവക്കാൻ ഇടയായിട്ടില്ല.

ബസ്സു് സർവ്വീസു്

*൪൭. (൧൯) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

വൈക്കത്തുനിന്നും എതെല്ലാം സ്ഥലങ്ങളിലേക്കു ബസ്സു് സർവ്വീസുണ്ടു്?

മരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജാൺ ഫിലിപ്പോസ്): വൈക്കത്തുനിന്നും താഴെ പറയുന്ന സ്ഥലങ്ങളിലേക്കു് ബസ്സു് സർവ്വീസുകളുണ്ടു്.

ആലുവാ, എറണാകുളം, കോട്ടയം, ഈരാറ്റുപേട്ട, തൊടുപുഴ, വാഗമൺ വെട്ടിക്കാട്ടുമുക്കു്, പാല മുതലായ സ്ഥലങ്ങളിലേക്കു്.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: ഈ ബസ് സർവ്വീസുകൾ ഉള്ള റോഡുകൾ മെറ്റൽ ചെയ്യാത്തതുകൊണ്ടു് വളരെ വൈഷമ്യം ഉണ്ടാകുന്നുണ്ടെന്നുള്ള വിവരം അറിയാമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ആ വിഷമം പല സ്ഥലങ്ങളിലും ഉണ്ടു്.

Sri. K. R. Elankath: Sir, I may be allowed to put question No. 19?

Mr. Speaker: Yes.

G. M. F. SCHEME

***47.** [19] **Sri. R. Chellaswami Nadar:** Will the Honble Minister for Works be pleased to state —

(*a*) the number of acres converted for irrigation in 1124, 1125 and 1950;

(*b*) the amount of yield from that conversions; and

(*c*) the amount received from India Government as grant under the G. M F. Scheme?

[Question No. (18) was not put, being the same as question No. (13) answered previously.]

LIBRARY ARCHIVES Kerala Legislative Assembly

Minister for Public Works, Communications and Agriculture
(Sri. E. John Philipose):

(*a*) Separate information in respect of the whole State for the different areas mentioned is not available at present. The area out of them brought under irrigation during 1949—50 is about 21,700 acres.

(*b*) 9,500 tons is the estimated figure.

(*c*) Rs. 41,72,000 for 1949—1950
Rs. 46,33,000 for 1950—1951.

*ശ്രീ. കെ. ആർ. ഇലങ്കത്തു: ഇതു സംബന്ധിച്ചു് ഇൻഡ്യാ ഗവൺമെണ്ടിൽ നന്നും കിട്ടിയിട്ടുള്ളതു് ലോൺ ആണോ അതോ ഗ്രാൻറാണോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു്: സബ്സിഡിയാണു്. ഇതുകൂടാതെ ലോൺകൂടി ഉണ്ടു്.

ശ്രീ. കെ. ആർ. ഇലങ്കത്തു: ഇതിലേക്കുവേണ്ടി എന്തു തുക നാം ചിലവാക്കിയിട്ടുണ്ടു്?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു്: അതു പറയുവാൻ നിവൃത്തിയില്ല.

ശ്രീ. കെ. ആർ. ഇലങ്കത്തു: ഇതിൻറെ തുക ലാപ്സായി തീരുകയാണെങ്കിൽ മേലാലുള്ള ഗ്രാൻറിനു് കുറവുവരുമെന്നു് അറിയാമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു്: അങ്ങിനെ തോന്നുന്നില്ല. പക്ഷെ ലാപ്സാകാതെ സൂക്ഷിക്കേണ്ട ചുമതല ഗവൺമെണ്ടിനുണ്ടു്.

സാഹിബു് ബഹദൂർ കെ. എ. മുഹമ്മദു്: ഈ വർഷം, ൦൦൦ ഏക്കർ സ്ഥലത്തു് എത്ര ടൺ ആഹാരസാധനങ്ങൾ ഉണ്ടാക്കീട്ടുണ്ടെന്നറിയാമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു്: ഇതു് ഞാൻ മുമ്പൊരവസരത്തിൽ പറഞ്ഞിട്ടുണ്ടു്. ഇപ്പോൾ ശരിയായ കണക്കു പറയുവാൻ സാദ്ധ്യമല്ല.

I should like Hon'ble Members to realise that in respect of each irrigation project, when it is investigated and submitted for approval, the Investigation Officers and also the Taluks Production Committee report regarding the area benefited by the proposed minor irrigation work. These figures are more or less based on that.

ശ്രീ. ഇട്ടൂര അബൂക്കൻ: ഈ പുതിയ സ്കീമുകളെക്കൊണ്ടു് എന്തെങ്കിലും ഗുണം ഉണ്ടായിട്ടുണ്ടെന്നു് ഗവൺമെണ്ടിനു് ബോദ്ധ്യമുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു്: ബോദ്ധ്യമുണ്ടു്.

ശ്രീ. ഇട്ടൂര അബൂക്കൻ: വാസ്തവത്തിൽ അങ്ങിനെ വല്ല ഗുണവും ഉണ്ടായിട്ടുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു്: ഉണ്ടെന്നാണു് തോന്നുന്നതു്.

ശ്രീ. എ. താണുപിള്ള: ൯,൫൦൦ ടൺ ആണ്ടുതോറുമുള്ള യീൽഡാണോ അതോ എല്ലാംകൂടിയുള്ളതാണോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു്: ആണ്ടുതോറുമുള്ളതാണു്.

ശ്രീ. എ. താണുപിള്ള: എപ്പോൾമുതൽ ഈ ൯,൫൦൦ ടൺ കൂടുതൽ ഉണ്ടായിത്തുടങ്ങി?

Sri. E. John Philipose: I am not definite about it.

ശ്രീ. ഇട്ടൂര അബൂക്കൻ: താലൂക്കുബോർഡുകളിൽനിന്നും ഇപ്പോൾ ചെയ്യാത്ത വല്ല ജോലിയും ചെയ്യുന്നുണ്ടോ?

*[The question was allowed to be put by Sri. K. R. Elankath as the questioner was not present.]

LIBRARY ARCHIVES Kerala Legislative Assembly

Sri. E. John Philipose: That is, wherever Government are convinced that work has to be done urgently, which may yield good results, they will not hesitate to do it forthwith.

ശ്രീ. ഇട്ടൂപ്പ അന്ത്രുക്കൻ: താലൂക്കുബോർഡുകൾ വേണ്ടെന്നുവെച്ചു എതെങ്കിലും വക്കു ചെയ്തിട്ടുണ്ടോ?

Sri. E. John Philipose: That is a matter which cannot be left entirely to the people. It is the technical men who have to advise the Government whether a particular scheme is good or bad.

ശ്രീ. ഇട്ടൂപ്പ അന്ത്രുക്കൻ: അങ്ങിനെയുള്ള പ്രധാനപ്പെട്ട വക്കുകൾക്കു ടെക്നിക്കൽ അഡൈ്വസർ അത്യാവശ്യമാണെന്നു ഗവൺമെണ്ടിനറിയാമോ?

Sri. E. John Philipose: That is a hypothetical question.

ശ്രീ പി. നാണു: എത്രനാളം ജോലി കംപ്ലീറ്റു ചെയ്യും എത്രനാളം ജോലി കംപ്ലീറ്റു ചെയ്യാതേയും ഇട്ടിരിക്കുന്നു ഗവൺമെണ്ടിനു അനാവശ്യ ചിലവും ജനങ്ങൾക്കു അതുകൊണ്ടു യാതൊരു ഉപയോഗവും ഇല്ലാതെയുമാണിരിക്കുന്നതെന്നു അറിയാമോ?

Mr. Speaker: That is supplying information and not asking for it.

ശ്രീ. എ. താണുപിള്ള: ഫൻ ® o അവസാനത്തോടുകൂടി ഈ വക്കു കംപ്ലീറ്റാകുമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസു: തീരുമെന്നാണു വിചാരിക്കുന്നതു.

CENTRAL DEPOT OFFICER

*48. [20] **Sri. K. A. Mathew:** Will the Hon'ble Minister for Agriculture be pleased to state.—

(*a*) whether complaints have been received by the Director of Agriculture from the Agricultural Special Officer at Alwaye alleging that the Alwaye Central Depot Officer, Sri Sivasankara Pillai sold with the connivance of the Agricultural Division Officer of Muvattupuzha, ten dozen thumpas in black market to the President of Elukkara Co-operative Society No. 1765 in May;

(*b*) whether proper enquiries were made into the allegations; if so, by whom and when;

(*c*) whether evidences which were available have been collected to prove the allegations; and

(*d*) what action was taken against those officers who were guilty of black marketing of Government goods ?

Minister for Public Works, Communications and Agriculture

(Sri. E. John Philipose):

(*a*) Yes.

(*b*) Enquiries were made on 4th June 1950.

(*c*) The evidence collected has not proved that there was any black-marketing of thumpas by the officers concerned.

(*d*) This does not arise in view of answer to part (c).

സാഹിബു ബഹദൂർ വി. എ. അബ്ദുൽ അസീസു: ഇങ്ങിനെ റിപ്പോർട്ടു ചെയ്ത അഗ്രികൾച്ചറൽ സ്പെഷ്യലാഫിസറുടെ പേരിൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസു: ഇതിനെപ്പറ്റി ഇപ്പോൾ ഖണ്ഡിതമായി പറയുവാൻ നിവൃത്തിയില്ല.

ശ്രീ. കെ. എ. മാത്യു: തുമ്പാകാരം ആലുവാ ഡിപ്പോവിൽനിന്നും മൂവാറ്റുപുഴ ഡിപ്പോവിലേക്കു കൊണ്ടുപോയിട്ടുണ്ടെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly